# മീഖാത്തുകൾ, ബലിയുടെ ഇനങ്ങൾ

**ഗ്രന്ഥം:** മനാസിക് അൽ ഹജ്ജ് വൽ ഉംറ വൽ മശ്റൂഅ് ഫി സ്സിയാറഃ
**ഗ്രന്ഥകർത്താവ്:** ശൈഖ് മുഹമ്മദു ബ്ൻ സ്വാലിഹ് അൽഉസൈമീൻ (റഹി)
**വിവർത്തനം:** മുഹമ്മദ്കുട്ടി കടന്നമണ്ണ

മീഖാത്തുകൾ സമയം, സ്ഥലം എന്നിവയുമായി ബന്ധപ്പെട്ട രണ്ട് ഇനങ്ങളാണ്:

സമയവുമായി ബന്ധപ്പെട്ടത്: ഹജ്ജിന് പ്രത്യേകമായ സമയം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഉംറ സമയബന്ധിതമല്ല. അല്ലാഹു പറയുന്നു: **الحج أشهر معلومات** 'ഹജ്ജ് അറിയപ്പെട്ട ചില മാസങ്ങളാകുന്നു' ശവ്വാൽ, ദുൽഖഅദ:, ദുൽഹിജ്ജ: എന്നീ മൂന്ന് മാസങ്ങളാണ് അവ.

സ്ഥലവുമായി ബന്ധപ്പെട്ട മീഖാത്തുകൾ അഞ്ചാണ്, നബി(സ)യാണ് അവയെ നിശ്ചയിച്ചത്. ഇബ്നു അബ്ബാസ് (റ)വിൽ നിന്നുള്ള ഒരു ഹദീസ് ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്തത് ഇപ്രകാരം കാണാം. അദ്ദേഹം പറയുന്നു: 'നബി (സ) മദീനക്കാർക്ക് ദുൽഹുലൈഫയും, ശാംകാർക്ക് ജുഹ്ഫയും, നജ്ദ്കാർക്ക് ഖർനും, യമൻകാർക്ക് യലംലമും മീഖാത്തായി നിശ്ചയിച്ചുകൊടുത്തു, (അദ്ദേഹം പറയുകയും ചെയ്തു) 'അവ (മീഖാത്തുകൾ) ഹജ്ജും ഉംറയും ഉദ്ദേശിക്കുന്ന ആ നാട്ടുകാർക്കും ആ വഴി വരുന്ന മറ്റുള്ളവർക്കും ഉള്ളതാണ്.

ആയിശാ (റ)യിൽ നിന്നും നിവേദനം, 'നബി (സ) ഇറാഖുകാർക്ക് 'ദാതുഇർഖ്' മീഖാത്തായി നിശ്ചയിച്ചുകൊടുത്തു'.

ഒന്ന്: ദുൽഹുലൈഫ, ഇത് ഇന്ന് അബ്‌യാർ അലി എന്ന് വിളിക്കപ്പെടുന്നു. ഇതിനും മക്കക്കും ഇടയിൽ ഏകദേശം 10 മർഹല ദൂരമുണ്ട്, ഇതാണ് മദീനക്കാരുടെയും ആ വഴി വരുന്നവരുടെയും മീഖാത്ത്.

രണ്ട്: അൽജുഹ്ഫ, ഇതൊരു പഴയ ഗ്രാമമാണ്. ഇതിനും മക്കക്കും ഇടയിൽ ഏകദേശം 3 മർഹലകൾ ദൂരമുണ്ട്, ആ ഗ്രാമം നശിച്ചപ്പോൾ പകരമായി ജനങ്ങൾ ഇഹ്റാം ചെയ്യുന്നത് 'റാബിഗി'ൽ വെച്ചാണ്. ദുൽഹുലൈഫ വഴി യാത്ര ചെയ്തില്ലെങ്കിൽ ശാംകാരുടെയും ആ വഴി വരുന്ന മറ്റുള്ളവരുടെയും മീഖാത്ത് അതാണ്. എന്നാൽ അവർ ദുൽഹുലൈഫ വഴി യാത്ര ചെയ്താൽ അവിടെ വെച്ച് ഇഹ്റാം ചെയ്യൽ അവർക്ക് നിർബന്ധമാണ്.

മൂന്ന്: ഖർനുൽമനാസിൽ, ഇന്ന് ഇത് 'സൈൽ' എന്ന പേരിൽ അറിയപ്പെടുന്നു. അതിനും മക്കക്കും ഇടയിൽ ഏകദേശം രണ്ട് മർഹലകൾ ദൂരമുണ്ട്. നജ്ദുകാരുടെയും ആവഴി വരുന്ന മറ്റുള്ള വരുടെയും മീഖാത്ത് അതാണ്.

നാല്: യലംലം, തുഹാമയിലെ ഒരു പർവ്വതമോ ഒരു സ്ഥലമോ ആണ് ഇത്. അതിനും മക്കക്കും ഇടയിൽ ഏകദേശം രണ്ട് മർഹലകൾ ദൂരമുണ്ട്. ഇന്ന് ഇത് 'അസ്സഅദിയ്യ' എന്ന് വിളിക്കപ്പെടുന്നു. യമൻകാരുടെയും ആ വഴി വരുന്ന മറ്റുള്ളവരുടെയും മീഖാത്തിതാണ്.

അഞ്ച്: ദാതു ഇർഖ്, നജ്ദുകാർ ഇതിനെ 'ദരീബ' എന്നു വിളിക്കുന്നു. അതിനും മക്കക്കും ഇടയിൽ ഏകദേശം രണ്ട് മർഹലകൾ ദൂരമുണ്ട്. ഇറാഖ്കാരുടെയും ആവഴി വരുന്ന മറ്റുള്ളവരുടെയും മീഖാത്ത് ഇതാണ്.

ഈ മീഖാത്തുകളെക്കാൾ മക്കയോട് ഏറ്റം അടുത്തുള്ളവർ തങ്ങളുടെ താമസ സ്ഥലത്ത് വെച്ച് തന്നെയാണ് ഇഹ്റാം ചെയ്യേണ്ടത്. മക്കക്കാരും ഇഹ്റാം ചെയ്യേണ്ടത് മക്കയിൽ തന്നെ. എന്നാൽ ഉംറക്ക് ഇഹ്റാം ചെയ്യുമ്പോൾ ഹറമിനകത്തുള്ളവർ ഏറ്റവും അടുത്തുള്ള ഹറം ഏരിയക്ക് പുറത്ത് പോയി ഇഹ്റാം ചെയ്യണം. നബി (സ) അബ്ദുറഹ്മാനുബ്നു അബീബകറിനോട് പറഞ്ഞു: 'നിന്റെ സഹോദരിയെയും കൊണ്ട് നീ ഹറമിന് പുറത്തുപോകുക, എന്നിട്ടവൾ ഉംറക്ക് ഇഹ്റാം ചെയ്യട്ടെ'. (ബുഖാരി, മുസ്‌ലിം). ആയിശ (റ) നബിയോട് തനിക്ക് ഉംറ ചെയ്യേണമെന്നാവശ്യപ്പെട്ടപ്പോൾ ആണ് അദ്ദേഹം ഇപ്രകാരം പറഞ്ഞത്.

ഈ മീഖാത്തുകളിൽ നിന്നും വിദൂരമായി യാത്ര ചെയ്യുന്നവർ തങ്ങൾക്ക് ഏറ്റവും അടുത്ത മീഖാത്ത് വിട്ടുകടക്കുന്ന പ്രദേശത്ത് വെച്ച് ഇഹ്റാം ചെയ്യുകയാണ് വേണ്ടത്. സുഡാനിലെ 'സവാകിന' പ്രദേശത്തുകാരെപ്പോലെ ഒരു മീഖാത്തും വിട്ടുകടന്ന് യാത്ര ചെയ്യാത്തവർ ജിദ്ദയിൽ വെച്ച് ഇഹ്റാം ചെയ്താൽ മതി.

ഹജ്ജോ ഉംറയോ ഉദ്ദേശിച്ചുകൊണ്ട് പോവുന്ന ഒരാളും ഈ മീഖാത്തുകളിലൊന്നിൽ വെച്ച് ഇഹ്റാം ചെയ്തുകൊണ്ടല്ലാതെ അത് വിട്ടു കടക്കാൻ പാടുള്ളതല്ല. ഈ അടിസ്ഥാനത്തിൽ വിമാന യാത്ര ചെയ്യുന്നവർ തങ്ങളുടെ മീഖാത്തിനു നേരെ എത്തുമ്പോൾ ഇഹ്റാമിൽ പ്രവേശിക്കണം. അതിനുവേണ്ടി മീഖാത്തിനു മുമ്പുതന്നെ നേരത്തെ തന്നെ എല്ലാം തയ്യാറെടുക്കുകയും ഇഹ്റാമിന്റെ വസ്ത്രം ധരിക്കുകയും മീഖാത്തിന്റെ നേരെ എത്തുന്നതോടെ ഉടനെ ഇഹ്റാമിൽ പ്രവേശിക്കുകയും വേണം.

ജിദ്ദയിൽ ഇറങ്ങുന്നതു വരെ ഇഹ്റാം വൈകിപ്പിക്കാൻ പാടുള്ളതല്ല. കാരണം അത് അല്ലാഹുവിന്റെ പരിധി വിട്ടുകടക്കലാണ്. അല്ലാഹു പറയുന്നു:

'അല്ലാഹുവിന്റെ നിയമപരിധികളെ വല്ലവനും അതിലംഘിക്കുന്ന പക്ഷം, അവൻ അവനോട് തന്നെ അന്യായം ചെയ്തിരിക്കുന്നു' (ത്വലാഖ്: 1).

'ആർ അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുകയും, അവന്റെ നിയമപരിധികൾ ലംഘിക്കുകയും ചെയ്യുന്നുവോ അവനെ അല്ലാഹു നരകാഗ്നിയിൽ പ്രവേശിപ്പിക്കും. അവനതിൽ നിത്യവാസിയായിരിക്കും. അപമാനകരമായ ശിക്ഷയാണ് അവനുള്ളത് (നിസാ അ്: 14).

ഹജ്ജോ ഉംറയോ ഉദ്ദേശിച്ചു കൊണ്ടല്ലാതെ മീഖാത്തുവഴി യാത്ര ചെയ്ത ഒരാൾക്ക് പിന്നീട് ഉംറയോ ഹജ്ജോ നിർവ്വഹിക്കണമെന്ന് തോന്നിയാൽ അവൻ എവിടെ വെച്ചാണോ തീരുമാനിച്ചത് അവിടെ നിന്നുതന്നെ ഇഹ്റാം ചെയ്താൽ മതി. ഇബ്നു അബ്ബാസ് (റ)വിൽ നിന്നും നിവേദനം, മീഖാത്തുകളെക്കുറിച്ച് പറഞ്ഞ ഹദീസിൽ പ്രവാചകൻ പറഞ്ഞത് ആ മീഖാത്തുകൾ വഴിയല്ലാതെ എത്തുന്നവർ എവിടെ വെച്ചാണോ തീരുമാനിച്ചത് അവിടെ വെച്ച് ഇഹ്റാം ചെയ്താൽ മതി എന്നാണ്. ഹജ്ജോ ഉംറയോ ഉദ്ദേശ്യമില്ലാതെ, വിജ്ഞാന സമ്പാദനം, ബന്ധു സന്ദർശനം, ചികിൽസ, കച്ചവടം പോലെയുള്ള ആവശ്യങ്ങൾക്ക് വേണ്ടി ഒരാൾ ഈ മീഖാത്തുകൾ വിട്ടുകടക്കുന്നുവെങ്കിൽ, അയാൾ നേരത്തെ തന്റെ ബാധ്യത നിർവ്വഹിച്ചിട്ടുണ്ടെങ്കിൽ അയാൾക്ക് ഇഹ്റാം നിർബന്ധമാവുന്നില്ല. അതാണ് മുമ്പ് സൂചിപ്പിച്ച, ഇബ്നു അബ്ബാസ് (റ)വിന്റെ ഹദീസിൽ പറയുന്നത്. നബി (സ) പറയുന്നു: 'അവ (മീഖാത്തുകൾ) അവർക്കും, ഹജ്ജും ഉംറയും ഉദ്ദേശിച്ചുകൊണ്ട് ആ വഴി വരുന്ന മറ്റുള്ളവർക്കും ഉള്ളതാണ്'. ഹജ്ജോ ഉംറയോ ഉദ്ദേശിക്കാത്തവർക്ക് ഇഹ്റാം നിർബന്ധമാവുന്നില്ലെന്ന് ഈ ഹദീസ് വ്യക്തമാക്കുന്നു.

ഹജ്ജിലും ഉംറയിലുമുള്ള തന്റെ നിർബന്ധ ബാധ്യത നിർവ്വഹിച്ച ഒരാൾക്ക് വീണ്ടും ചെയ്യൽ കടമയില്ല. കാരണം ഹജ്ജും ഉംറയും ആയുഷ്കാലത്തിനിടക്ക് ഒരു പ്രാവശ്യം മാത്രമേ നിർബന്ധമുള്ളൂ. നബി(സ)യോട് എല്ലാ വർഷവും ഹജ്ജ് നിർബന്ധമുണ്ടോ എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ( الحج مرة فما زاد فهو تطوع ) 'ഹജ്ജ് ഒരു പ്രാവശ്യം മാത്രമേ കടമയുള്ളൂ, അതിൽക്കൂടുതൽ ആരെങ്കിലും ചെയ്താൽ അത് ഐച്ഛികമാണ്'.

ഉംറയും ഹജ്ജ് പോലെത്തന്നെ ആയുസ്സിലൊരിക്കൽ മാത്രമേ നിർബന്ധമുള്ളൂ.

എന്നാൽ ഹജ്ജിന്റെ മാസങ്ങളിൽ മീഖാത്തിലൂടെ യാത്ര ചെയ്യുന്നവൻ, താൻ തന്റെ കടമ വീട്ടിയിട്ടുണ്ടെങ്കിൽപ്പോലും മഹത്തായ പ്രതിഫലം നഷ്ടപ്പെടുത്താതിരിക്കാനായി ഹജ്ജിനോ ഉംറക്കോ ഇഹ്റാം ചെയ്യലാണ് ഏറ്റവും ഉത്തമം. അയാൾക്ക് ഇഹ്റാം നിർബന്ധമുണ്ടോ ഇല്ലയോ എന്ന പണ്ഡിതന്മാരുടെ അഭിപ്രായഭിന്നതയിൽ നിന്നും അയാൾക്ക് സ്വസ്ഥനാവുകയും ചെയ്യാം.

## മൂന്ന് കർമ്മരൂപങ്ങൾ

ഒന്ന്: തമത്തുഅ്. ഹജ്ജിന്റെ മാസങ്ങളിൽ ഉംറക്ക് മാത്രം ഇഹ്റാം ചെയ്യുകയും ശേഷം ത്വവാഫും സഅ്യും ചെയ്ത് മുടി മുറിച്ച് ഇഹ് റാമിൽ നിന്നും തഹല്ലുലാവുകയും ശേഷം അതേ വർഷം തന്നെ ഹജ്ജിന്റെ സമയത്ത് അതിനായി ഇഹ്റാം ചെയ്യുകയും ചെയ്യലാണ് തമത്തുഅ് എന്ന് പറയുന്നത്.

രണ്ട്: ഖിറാൻ. ഹജ്ജിനും ഉംറക്കും ഒന്നിച്ച് ഇഹ്റാം ചെയ്യുന്നതിന്നാണ് ഖിറാൻ എന്നു പറയുന്നത്. അതുപോലെ ആദ്യം ഉംറക്കു മാത്രം ഇഹ്റാം ചെയ്യുകയും ശേഷം അതിന്റെ ത്വവാഫ് ആരംഭിക്കുന്നതിന് മുമ്പായി ഹജ്ജിനെക്കൂടി അതിൽ ഉദ്ദേശിക്കുകയും ചെയ്താൽ മക്കയിലെത്തിയാൽ ഖുദൂമിന്റെ ത്വവാഫ് ചെയ്യുകയും സ്വഫാ മർവക്കിടിയിൽ ഉംറക്കും ഹജ്ജിനും കൂടി ഒരൊറ്റ സഅ്യ് നടത്തുകയും ചെയ്യണം. ശേഷം പെരുന്നാൾ ദിവസം വരെ തന്റെ ഇഹ്റാമിൽ തന്നെ ശേഷിക്കുകയും വേണം. ത്വവാഫുൽ ഖുദൂമിന്റെ കൂടെ സഅ്യ് നിർവ്വഹിക്കാതെ ഹജ്ജിന്റെ ത്വവാഫിന്റെ കൂടെ നിർവ്വഹിക്കാവുന്നതുമാണ്. പ്രത്യേകിച്ചും അയാൾ മക്കയിൽ വൈകി എത്തുകയും, സഅ്യിൽ വ്യാപൃതനായാൽ തനിക്ക് ഹജ്ജ് നഷ്ടപ്പെടും എന്ന് ഭയപ്പെടുകയും ചെയ്താൽ.

മൂന്ന്: ഇഫ്റാദ്. ഹജ്ജിന് മാത്രം ഇഹ്റാം ചെയ്യുന്നതിനാണ് ഇഫ്റാദ് എന്നു പറയുന്നത്. മക്കയിൽ എത്തിയാൽ ത്വവാഫുൽ ഖുദൂം നിർവ്വഹിക്കുകയും ഹജ്ജിനായി സഅ്യ് നടത്തുകയും പെരുന്നാൾ ദിവസം വരെ തന്റെ ഇഹ്റാമിൽ ശേഷിക്കുകയും വേണം.

ഖാരിനെപ്പോലെത്തന്നെ ഹജ്ജിന്റെ ത്വവാഫ്വരെ മുഫ്രിദിനും സഅ്യ് വൈകിപ്പിക്കാവുന്നതാണ്. മുഫ്രിദിന്റെയും ഖാരിന്റെയും കർമ്മങ്ങൾ ഒന്ന് തന്നെയാണെന്ന് ഇതിൽ നിന്നും വ്യക്തമാവുന്നു. എന്നാൽ ഖാരിന് രണ്ടു കർമ്മങ്ങൾ ലഭിച്ചു എന്നതിനാൽ ബലി നിർബന്ധമാണെന്ന് മാത്രം.

ഇതിൽ ഏറ്റവും ശ്രേഷ്ഠമായ ഇനം തമത്തുഅ് ആണ്. കാരണം നബി (സ) തന്റെ സഹാക്കളോട് അതിനായി കൽപ്പിക്കുകയും അതിനവരെ പ്രേരിപ്പിക്കുകയും ചെയ്തു. മാത്രവുമല്ല, തമത്തുഅ് ലഭിക്കാൻ വേണ്ടി ഹജ്ജിന്റെ നിയ്യത്തിനെ ഉംറയുടെ നിയ്യത്താക്കി മാറ്റാൻ അദ്ദേഹം അവരോട് കൽപ്പിക്കുകയും ചെയ്തു.

ഇബ്നു അബ്ബാസ് (റ)വിൽ നിന്നും നിവേദനം, ഹജ്ജിലെ متعة (സുഖാസ്വാദനം) നെക്കുറിച്ച് അദ്ദേഹം ചോദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു: 'ഹജ്ജത്തുൽ വിദാഇൽ മുഹാജിറുകളും അൻസ്വാറുകളും പ്രവാചകന്റെ ഭാര്യമാരും ഞങ്ങളെല്ലാവരും ഇഹ്റാമിൽ പ്രവേശി ച്ചു. അങ്ങനെ ഞങ്ങൾ മക്കയിൽ എത്തിയപ്പോൾ നബി (സ) പറഞ്ഞു:

( اجعلوا إهلالكم بالحج عمرةً إلا من قلد الهدي ) 'നിങ്ങളുടെ ഹജ്ജിന്റെ ഇഹ്റാമുകളെ ഉംറയുടേതാക്കി മാറ്റുക, ബലിമൃഗത്തെ കൂടെ കൊണ്ടുവന്നവരൊഴികെ'. അങ്ങനെ ഞങ്ങൾ കഅ്ബയെ ത്വവാഫ് ചെയ്തു. സ്വഫാമർവക്കിടയിൽ സഅ്യ് നടത്തി. ഞങ്ങൾ സ്ത്രീകളെ പ്രാപിക്കുകയും വസ്ത്രം മാറുകയും ചെയ്തു' (ബുഖാരി).

ജാബിർ(റ)വിൽ നിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: 'ഞങ്ങൾ നബി(സ)യുടെ കൂടെ ഹജ്ജിന് ഇഹ്റാം ചെയ്തവരായിക്കൊണ്ട് പുറപ്പെട്ടു. ഞങ്ങളുടെ കൂടെ സ്ത്രീകളും കുട്ടികളുമുണ്ടായിരുന്നു. അങ്ങനെ ഞങ്ങൾ മക്കയിലെത്തി ത്വവാഫും സഅ്യും നിർവ്വഹിച്ചപ്പോൾ നബി (സ) ഞങ്ങളോട് പറഞ്ഞു: 'തന്റെ കൂടെ ബലിമൃഗം ഇല്ലാത്തവരെല്ലാം വിരമിച്ചുകൊള്ളട്ടെ', ജാബിർ (റ) പറയുന്നു: 'ഞങ്ങൾ ചോദിച്ചു: ഏത് വിരാമം? നബി (സ) പറഞ്ഞു:

'മുഴുവൻ വിരാമവും' അദ്ദേഹം പറയുന്നു: 'അങ്ങനെ ഞങ്ങൾ സ്ത്രീകളെ പ്രാപിച്ചു, ഞങ്ങൾ വസ്ത്രം ധരിച്ചു, സുഗന്ധം പൂശി, പിന്നീട് തർവിയ ദിവസമായപ്പോൾ ഞങ്ങൾ ഹജ്ജിന് ഇഹ്റാം ചെയ്യുകയും ചെയ്തു' (മുസ്ലിം).

അദ്ദേഹത്തിന്റെ മറ്റൊരു റിപ്പോർട്ടിൽ അദ്ദേഹം പറയുന്നു: 'നബി (സ) ഞങ്ങളോട് പ്രസംഗിച്ചു, അദ്ദേഹം പറഞ്ഞു:

( قد علمتم أني أتقاكم لله وأصدقكم وأبركم ، ولو لا هديي لأحللت كما تحلون ، ولو استقبلت من أمري ما استدبرت لم أسق الهدي ، فحلوا )

'നിങ്ങളിൽ ഏറ്റവും അല്ലാഹുവിനെ സൂക്ഷിക്കുന്നവനും, നിങ്ങളിൽ ഏറ്റവും സത്യവാനും പുണ്യം ചെയ്യുന്നവനും ഞാനാണെന്ന് നിങ്ങൾക്കറിയാമല്ലോ, (എന്റെ കൂടെ) എന്റെ ബലിമൃഗം ഇല്ലായിരുന്നുവെങ്കിൽ ഞാനും നിങ്ങളോടൊപ്പം വിരമിക്കുമായിരുന്നു. പിന്തിച്ച് ചെയ്തത് ഞാൻ മുന്തിച്ചു ചെയ്തിരുന്നുവെങ്കിൽ, (തമത്തുഅ് ആയി ഹജ്ജ് നിർവ്വഹിക്കണമെന്ന് ഞാൻ നേരത്തെ തീരുമാനിച്ചിരുന്നുവെങ്കിൽ) ഞാൻ ബലി മൃഗത്തെ കൊണ്ടുവരുമായിരുന്നില്ല. അതിനാൽ നിങ്ങൾ ഇഹ്റാമിൽ നിന്നും വിരമിക്കുക' അപ്പോൾ ഞങ്ങൾ ഇഹ്റാമിൽ നിന്നും വിരമിക്കുകയും, കേൾക്കുകയും അനുസരിക്കുകയും ചെയ്തു'.

ഇതെല്ലാം തന്നെ 'തമത്തുഅ് മറ്റു രൂപങ്ങളെക്കാൾ ശ്രേഷ്ഠമാണെന്ന് കാണിക്കുന്നു. പിന്തിച്ച് ചെയ്തത് മുന്തിച്ചു ചെയ്തിരുന്നുവെങ്കിൽ, ഞാൻ ബലി മൃഗത്തെ കൊണ്ടുവരുമായിരുന്നില്ല'. പ്രവാചകന്റെ ഈ വാക്കുകൾ അതാണ് പഠിപ്പിക്കുന്നത്. ബലിമൃഗത്തെ കൊണ്ടുവന്നു എന്നതല്ലാതെ ഇഹ്റാമിൽ നിന്നും മോചിതമാവാൻ മറ്റൊന്നും അദ്ദേഹത്തിന് തടസ്സമായിരുന്നില്ല. കാരണം ഹജ്ജിനും ഉംറക്കുമിടയിൽ സുഖമനുഭവിക്കാൻ സാധിക്കുന്നതിനാൽ തമത്തു ആണ് ഹാജിക്ക് കൂടുതൽ എളുപ്പമായിട്ടുള്ളത്. ഇതാണ് അല്ലാഹുവിന്റെ താൽപര്യത്തോട് യോജിച്ച് വരുന്നത്. അല്ലാഹു പറയുന്നു:

( يُرِيدُ اللّهُ بِكُمُ الْيُسْرَ وَلاَ يُرِيدُ بِكُمُ الْعُسْرَ ) ( البقرة : 185 )

'നിങ്ങൾക്ക് ആശ്വാസം ഉണ്ടാക്കാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്, നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല' (ബഖറ: 185) നബി (സ) പറഞ്ഞു: 'വക്രതയില്ലാത്ത വിട്ടുവീഴ്ചയോടെയാണ് ഞാൻ നിയോഗിക്കപ്പെട്ടത്'.

തമത്തുഅ് ആക്കിക്കൊണ്ട് ഹജ്ജ് നിർവ്വഹിക്കാൻ ഹാജി ഇഹ്റാം ചെയ്യുകയും പിന്നീട് അറഫയിൽ നിൽക്കുന്നതിന് മുമ്പ് ഉംറയെ പൂർത്തീകരിക്കാൻ തനിക്ക് സാധ്യമല്ല എന്ന് കാണുകയും ചെയ്താൽ, ഈ ഘട്ടത്തിൽ ത്വവാഫുൽ ഖുദൂമിന് മുമ്പായി ഉംറയുടെ മേൽ ഹജ്ജിനെ പ്രവേശിപ്പിച്ച് 'ഖാരിൻ' ആവണം. ഇതിന് രണ്ട് ഉദാഹരണങ്ങൾ നോക്കുക.

ഒന്ന്: തമത്തുആയി ഹജ്ജ് ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ട് ഒരു സ്ത്രീ ഉംറക്ക് ഇഹ്റാം ചെയ്തു. ത്വവാഫിന് മുമ്പായി അവൾ ആർത്തവകാരിയാവുകയോ പ്രസവിക്കുകയോ ചെയ്തു. അറഫയിൽ നിൽക്കുന്നതിന് മുമ്പ് അവൾ ശുദ്ധിയാവുകയുമില്ല, എങ്കിൽ അവൾ തന്റെ ഇഹ്റാമിനെ ഹജ്ജിനുള്ളതാക്കുകയും അവൾ ഖാരിനത്താവുകയും ചെയ്ത്, കഅ്ബയെ ത്വവാഫ് ചെയ്യലും സ്വഫാമർവക്കിടയിൽ സഅ്യ് ചെയ്യലും ഒഴികെ ഹാജിമാർ ചെയ്യുന്ന എല്ലാ കർമ്മങ്ങളും ചെയ്യണം. അവൾ ശുദ്ധിയാവുകയും കുളിക്കുകയും ചെയ്ത ശേഷമേ ത്വവാഫും സഅ്യും നിർവ്വഹിക്കാവൂ.

രണ്ട്: ഒരാൾ തമത്തുഅ് ആയി ഹജ്ജുദ്ദേശിച്ച് ഉംറക്കായി ഇഹ് റാം ചെയ്തു. പക്ഷെ അറഫയിൽ നിൽക്കുന്നതിന് മുമ്പ് മക്കയിൽ പ്രവേശിക്കാൻ അയാൾക്ക് സാധ്യമായില്ല. തന്റെ ഉംറ പൂർത്തിയാക്കാൻ സാധിക്കാത്ത ഈ ഘട്ടത്തിൽ അയാൾ തന്റെ ഉംറക്ക് പകരം ഹജ്ജിന്റെ നിയ്യത്ത് സ്വീകരിക്കുകയും അതുവഴി ഖാരിൻ ആവുകയും ചെയ്താൽ മതി.